"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സുരഭി.എ-യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.214/2026/LBR തീയതി,തിരുവനന്തപുരം, 17-02-2026**

---

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ പരിപത്രം.
2. 28.11.2013 ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.
3. 18.04.2022 ലെ സ.ഉ.(സാധാ)നം.498/2022/തൊഴിൽ
4. 08.05.2023 ലെ സ.ഉ.(സാധാ) നം.575/2023/തൊഴിൽ
5. 05.07.2024-ലെ സ.ഉ.(സാധാ) നം.726/2024/തൊഴിൽ
6. 20.03.2025-ലെ സ.ഉ.(സാധാ) നം.344/2025/തൊഴിൽ
7. 04.12.2025-ൽ ശ്രീമതി. സുരഭി.എ സമർപ്പിച്ച അപേക്ഷ.
8. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 05.01.2026-ലെ SSSC/1584/2025-E3 നമ്പർ കത്ത്.
9. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.01.2026-ലെ ഇ1/43/2024/KSUWSSB നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. സുരഭി.എ-യ്ക്ക് പരാമർശം (3) പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിയമനം നൽകുകയും പരാമർശം (4) മുതൽ (6) വരെ ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. 25.04.2026-ന് നാല് വർഷ കാലാവധി പൂർത്തിയാകുന്ന ശ്രീമതി. സുരഭി.എ-യുടെ അന്യത്രസേവന കാലയളവ് 26.04..2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുനൽകുന്നതിനുള്ള ശിപാർശ, മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (9) പ്രകാരം ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. സുരഭി.എ-യുടെ അന്യത്രസേവന കാലാവധി അന്യത്ര സേവനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും

പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 26.04.2026 മുതൽ ഒരു വർഷത്തേക്ക്കൂടി ( അഞ്ചാം തവണ) ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.
ശ്രീമതി. സുരഭി.എ. (ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 18-02-2026 10:42:27
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്